**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീ സുനിൽകമാർ എം വി, കൃഷ്ണവിഹാർ, പൊരിയാനി, മുണ്ടൂർ എന്നയാൾ നവകേരള സദസ് മുമ്പാകെ നൽകിയ പരാതി
2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 18/01/2024 തിയതിയിലെ തീരുമാനം

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 20/01/2024**

ശ്രീ സുനിൽകമാർ എം വി, കൃഷ്ണവിഹാർ, പൊരിയാനി, മുണ്ടൂർ എന്നയാൾ നവകേരള സദസ് മുമ്പാകെ, മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ നിന്നും, സംസ്ഥാനപാതയരികിലുള്ള, താൻ തകരഷീറ്റുകൊണ്ട് നിർമ്മിച്ച കടമുറികൾക്ക് കെട്ടിടനമ്പർ അനുവദിച്ചില്ലെന്നും ഈ പ്രശ്നം പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതി പരിശോധിച്ചു. പരാതിയിൽ പറയുന്ന സ്ഥലം അദാലത്ത് സമിതി അംഗങ്ങൾ നേരിൽ സന്ദർശിച്ചു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. ആധാരത്തിലെ അളവുകളും, പ്ലാനിലെ പ്ലോട്ടിന്റെ അളവുകളും തമ്മിൽ വ്യത്യാസം കാണുന്നതായും, ടെംപററി ഷെഡ് നിർവചനത്തിൽ ഉൾപെടുന്ന മെറ്റീരിയൽ ഉപയോഗിച്ചല്ല നിർമിതി നടത്തിയിരിക്കുന്നതെന്നും, നിർമാണം KPBR ചട്ടം പാലിക്കുന്നില്ലെന്നും എൽ എസ് ജി ഡി വിഭാഗം റിപ്പോർട്ട് ചെയ്തതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ അതിർത്തി വില്ലേജ്/റവന്യൂ ഉദ്യോഗസ്ഥർ മുഖേന സ്ഥലം ഉടമസ്ഥൻ വ്യക്തത വരുത്തേണ്ടതാണ്. അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറക്ക്, 15 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഒപ്പ്

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ്
പാലക്കാട്

പകർപ്പ്: ശ്രീ സുനിൽകമാർ എം വി, കൃഷ്ണവിഹാർ, പൊരിയാനി, മുണ്ടൂർ